**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1164** **18-09-2025 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലം സമ്പൂർണ്ണ കുടിവെള്ള വിതരണ മണ്ഡലമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂർ മണ്ഡലത്തിൽ വാട്ടർ കണക്ഷൻ നിലവിൽ ലഭ്യമാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ , വാർഡുകൾ എന്നിവ തരം തിരിച്ച ലഭ്യമാക്കാമോ; | (എ) | എടപ്പാൾ ഡിവിഷന് കീഴിൽ തിരൂ<br>നിയോജകമണ്ഡലത്തിൽ ആതവനാട<br>തിരൂർ, തിരുന്നാവായ, തലക്കാട<br>കൽപകഞ്ചേരി, വളവന്നൂർ എന്ന<br>പഞ്ചായത്തുകളിലാണ് കുടിവെള്ള വിതരണ<br>നടത്തിവരുന്നത്. ജൽ ജീവൻ മിഷന<br>പ്രവൃത്തികൾ ആരംഭിച്ചതിനു ശേഷ<br>തിരുന്നാവായ പഞ്ചായത്തിൽ ആകെയുള്ള<br>23 വാർഡുകളിലായി 5522 കണക്ഷനുകളു<br>തലക്കാട് പഞ്ചായത്തിൽ 1, 2, 4,<br>വാർഡുകളിലായി 2010 കണക്ഷനുകളു<br>ആതവനാട് പഞ്ചായത്തിൽ ആകെയുള്ള 2<br>വാർഡുകളിലായി 6172 കണക്ഷനുകളു<br>കൽപകഞ്ചേരി പഞ്ചായത്തിൽ 614<br>കണക്ഷനുകളും വളവന്നൂർ പഞ്ചായത്തിൽ<br>5731 കണക്ഷനുകളും നൽകിയിട്ടുണ്ട്. തിരൂ<br>മുനിസിപ്പാലിറ്റിയിൽ 3189കണക്ഷനുക<br>നിലവിലുണ്ട്. കൂടാതെ തിരൂ<br>മുനിസിപ്പാലിറ്റിയിൽ അമൃ<br>പ്രവർത്തനങ്ങളുടെ ഭാഗമായി 298<br>കണക്ഷനുകൾ നൽകുന്നതിന് എസ്റ്റിമേ<br>സാങ്കേതിക അനുമതി ലഭിച്ചതാണ്. ടെൻഡ<br>നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന<br>മുറയ്ക്ക് കണക്ഷനുകൾ നൽകാവുന്നതാണ്. |
| (ബി) | തിരൂർ മണ്ഡലത്തിൽ വാട്ടർ കണക്ഷനായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാനമാക്കി ഇനം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ജെ. ജെ. എം. പ്രവർത്തനങ്ങളുടെ ഭാഗമായി എടപ്പാൾ ഡിവിഷന് കീഴിൽ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തിരുന്നാവായ - 5471, തലക്കാട് - 2010, ആതവനാട് - 2022. |
| (സി) | നിലവിലെ അപേക്ഷകരിൽ വാട്ടർ കണക്ഷൻ നൽകാനാകാത്ത അപേക്ഷകരുടെ എണ്ണം | (സി) | തിരൂർ- 5, തിരുന്നാവായ- 2 അപേക്ഷകൾ ഇ ടാപ്പ് വഴി ലഭിച്ചിട്ടുണ്ട്. അപേക്ഷകളിൽ തുടർ നടപടികൾ |

| | | | |
|---|---|---|---|
| | എത്രയാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ; | | സ്വീകരിച്ചുവരുന്നു . |
| (ഡി) | നിലവിലെ അപേക്ഷകരിൽ വാട്ടർ കണക്ഷൻ നൽകുന്നതിന് യോഗ്യരല്ലാത്ത അപേക്ഷകരുടെ വിവരം കാരണം സഹിതം വ്യക്തമാക്കാമോ; | (ഡി) | യോഗ്യമല്ലാത്ത അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ഇ) | കിണറുകളിൽ ഉപ്പുവെള്ളം ആയതിനാൽ വാട്ടർ കണക്ഷൻ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വാർഡ് മെമ്പർമാരിൽ നിന്നോ മറ്റേതെങ്കിലും സംഘടന/കൂട്ടായ്മകളിൽനിന്നോ ജല അതോറിറ്റിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരവും അതിന്മേൽ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ; | (ഇ) | ഇല്ല. |
| (എഫ്) | തിരൂർ മണ്ഡലം സമ്പൂർണ്ണ കുടിവെള്ള വിതരണ മണ്ഡലമാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എഫ്) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ തിരൂർ മണ്ഡലത്തിലെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള വിതരണം സാധ്യമാകുന്നതാണ്. തിരൂർ മുനിസിപ്പാലിറ്റിയിൽ അമൃത് പ്രവർത്തനങ്ങളുടെ ഭാഗമായി 2984 കണക്ഷനുകൾ നൽകുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ